പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2422

18/06/2014-ൽ
മറുപടിയ്ക്ക്

**ക്ഷേത്ര ജോലികളിൽ നിന്നും പട്ടികജാതി വിഭാഗക്കാരെ ഒഴിവാക്കിയ നടപടി**

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ഗുരുവായൂരടക്കമുള്ള പ്രമുഖ ക്ഷേത്രങ്ങളിൽ ക്ഷേത്ര ജോലികളിൽ നിന്ന് പട്ടികജാതി വിഭാഗക്കാരെ ഒഴിവാക്കുന്നതായിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ബി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

സി) ഇത്തരത്തിൽ പട്ടികജാതി വിഭാഗക്കാരെ ഒഴിവാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

ഡി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

എ), ബി), സി), & ഡി) ഗുരുവായൂർ ഉൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖ ക്ഷേത്രങ്ങളിൽ നിന്നോ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള മറ്റ് ക്ഷേത്രങ്ങളിൽ നിന്നോ പട്ടികജാതി വിഭാഗക്കാരെ ക്ഷേത്രം ജോലികളിൽ നിന്നും ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുരുവായൂർ ക്ഷേത്രത്തിന് സമീപത്തുള്ള ദേവസ്വം വക ഭഗവതി ക്ഷേത്രത്തിൽ നാട്ടുകാർ നടത്തുന്ന പിള്ളേർ താലപ്പൊലി എന്നറിയപ്പെടുന്ന ആഘോഷത്തിൽ പങ്കെടുത്ത ഒരു ഇലത്താളം കലാകാരനെ മാറ്റിനിർത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷിച്ചതിൽ പ്രസ്തുത ആഘോഷങ്ങളും മേളവും ഗുരുവായൂർ ദേവസ്വം നേരിട്ട് നടത്തുന്നതല്ലെന്നും ഗുരുവായൂർ ദേവസ്വമോ, ഭാരവാഹികളോ, ജോലിക്കാരോ, ആരെയും തടസ്സപ്പെടുത്തിയിട്ടില്ലെന്നുമാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. പ്രസ്തുത കലാകാരനോ ആഘോഷ ചടങ്ങുകൾ ഏർപ്പാടാക്കിയ താലപ്പൊലി സംഘമോ ടിയാൻ പങ്കെടുത്തു എന്ന് പറയുന്ന മേളത്തിന്റെ മേളപ്രമാണിയോ മേളക്കാരോ പ്രസ്തുത കാര്യത്തിൽ യാതൊരു പരാതിയും ദേവസ്വം ഭരണ സമിതിയിൽ നൽകിയിട്ടില്ല. എന്നിരുന്നാലും ആരോപിക്കപ്പെടുന്ന സംഗതിയെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട.ജഡ്ജിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് ദേവസ്വം ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ, പൂജാവിധികൾ എന്നിവയിൽ സർക്കാർ ഇടപെടാറില്ല.

സെക്ഷൻ ഓഫീസർ